Published on 23-02-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 108

# 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 108

# 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

274/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 108

# 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 88-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സർക്കിളിനകത്തുള്ള വിവിധ വിഭാഗം അഫിലിയേറ്റഡ് സംഘങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട്, അങ്ങനെയുള്ള ഓരോ വിഭാഗം സംഘങ്ങളിലെയും കമ്മിറ്റി അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങൾ;".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത വകുപ്പിൽ (എ) മുതൽ (ജി) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ ഓരോ സർക്കിളിനും വേണ്ടി ഓരോ സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കേണ്ടതാണ്.

2. പ്രസ്തുത ആക്റ്റിലെ 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (a) ഖണ്ഡം, സർക്കിളിനുള്ളിലെ അഫിലിയേറ്റ് ചെയ്ത സംഘങ്ങളിലെ കമ്മിറ്റി അംഗങ്ങൾ അവർക്കിടയിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങൾ എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥ സഹകരണ സംഘത്തിലെ ഓരോ വിഭാഗത്തിന്റെയും ആനുപാതിക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നില്ല. സംഘത്തിലെ ഓരോ വിഭാഗത്തിനും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി അഫിലിയേറ്റ് ചെയ്ത വിവിധ വിഭാഗം സംഘങ്ങൾ അവർക്കിടയിൽ നിന്നും പ്രസ്തുത വ്യവസ്ഥ പ്രകാരമുള്ള ഏഴ് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണെന്ന് ഗവൺമെന്റ് കരുതുന്നു.

3. സ്റ്റേറ്റ് യൂണിയനിലേക്കും സർക്കിൾ യൂണിയനിലേക്കുമുള്ള തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ, എണ്ണത്തിൽ കുറച്ച് മാത്രമുള്ള സംഘങ്ങളെ പൊതു സഹകരണ സംഘങ്ങളുമായി കൂട്ടിച്ചേർക്കുന്നത് കാരണം ഏതൊരു ഘട്ടത്തിലും അവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാതിരിക്കുന്നത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന പ്രസ്തുത സംഘങ്ങളുടെ പരാതിയുമായി ബന്ധപ്പെട്ട സംഗതി തികച്ചും നിയമനിർമ്മാണപരമാണെന്ന് അന്തിയൂർ ഹാന്റ്ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് അഭി സ്റ്റേറ്റ് ഓഫ് കേരളയും മറ്റുള്ളവരും എന്ന കേസിൽ 4-9-1969-ലെ തന്റെ വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതി കൂടി നിരീക്ഷിക്കുകയുണ്ടായി.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 26-ാം തീയതിയിലെ 2864-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 39-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ

93-ാം നമ്പർ ബിൽ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ, 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2018 ഫെബ്രുവരി 12-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 333-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 2-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2018-ലെ 2-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 88-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം, സർക്കിളിനുള്ളിലെ അഫിലിയേറ്റ് ചെയ്യപ്പെട്ട വിവിധ വിഭാഗങ്ങളിലുള്ള സംഘങ്ങളെ പ്രതിനിധീകരിക്കുന്നതിന്, ഓരോ വിഭാഗം സംഘങ്ങളിലെയും കമ്മിറ്റി അംഗങ്ങൾ അവർക്കിടയിൽ നിന്നും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണ് ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയ ശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കടകംപള്ളി സുരേന്ദ്രൻ.

(ശരിത്തർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

88. <u>സർക്കിൾ സഹകരണ യൂണിയനുകളുടെ രൂപീകരണം.</u>—(1) സംസ്ഥാനത്തിനകത്തുള്ള ഓരോ സർക്കിളിനും സർക്കാർ, ഗസറ്റിൽ വിജ്ഞാപനം വഴി ഇനിപ്പറയുന്ന അംഗങ്ങളോടു കൂടിയ ഒരു സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) പ്രസ്തുത ആ സർക്കിളിനകത്തെ അഫിലിയേറ്റഡ് സംഘങ്ങളിലെ കമ്മിറ്റി അംഗങ്ങൾ അവരിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏഴ് അംഗങ്ങൾ;"

** ** ** **